**കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ്**

**(ഒരു കേരള സർക്കാർ സ്ഥാപനം)**

# കുടുംബശ്രീ സി.ഡി.എസ്. കൾ മുഖേന നടപ്പിലാക്കുന്ന മൈക്രോ ഫിനാൻസ് വായ്പാ പദ്ധതി മാർഗ്ഗരേഖ – 2021

രണ്ടാം നില, സെന്റിനൽ,
ടി.സി നം.27/588 (7) & (8)
പാറ്റൂർ, വഞ്ചിയൂർ (പി.ഒ), തിരുവനന്തപുരം-695 035

## കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ്

1995-ൽ സ്ഥാപിതമായ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ കേരളത്തിലെ മൊത്തം ജനസംഖ്യയിൽ 70 ശതമാനത്തിലധികം വരുന്ന മറ്റ് പിന്നോക്ക / ന്യൂനപക്ഷ വിഭാഗങ്ങളിലെ പാവപ്പെട്ട ആളുകളുടെ സാമൂഹിക, സാമ്പത്തിക വിദ്യാഭ്യാസ ഉന്നമനത്തിനുവേണ്ടി കോർപ്പറേഷൻ പ്രവർത്തിച്ചുവരുന്നു. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC), ദേശീയ സഫായി കർമ്മ ചാരീസ് ധനകാര്യ വികസന കോർപ്പറേഷൻ (NSKFDC) എന്നിവയുടെ വായ്പാ സഹായം, കേരള സർക്കാരിൽ നിന്നുള്ള മൂലധന സഹായം (Share Capital Assistance) എന്നിവ വിനിയോഗിച്ച് വിവിധ വായ്പാ പദ്ധതികളും, മറ്റ് ക്ഷേമ പ്രവർത്തനങ്ങളും കോർപ്പറേഷൻ നടപ്പിലാക്കിവരുന്നു. 'ദാരിദ്ര്യത്തിൽ നിന്നും പിന്നോക്കാവസ്ഥയിൽ നിന്നുമുള്ള മോചനം' എന്നതാണ് കോർപ്പറേഷന്റെ ദൗത്യം.

### കോർപ്പറേഷന്റെ പ്രധാന ലക്ഷ്യങ്ങൾ

- മറ്റു പിന്നോക്ക / മതന്യൂനപക്ഷ വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ സമഗ്രപുരോഗതിക്കുവേണ്ടി വ്യാവസായികം, കാർഷികം, സേവനം, ഗതാഗതം, കരകൗശലം തുടങ്ങിയ മേഖലകളിൽ ചെറുകിട യൂണിറ്റുകൾ തുടങ്ങാൻ വായ്പ നൽകുന്നു.
- മറ്റു പിന്നോക്ക / മതന്യൂനപക്ഷ വിഭാഗങ്ങളുടെ സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ രംഗത്ത് സമഗ്രപുരോഗതിക്കുവേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കുവാനുള്ള വായ്പ നൽകുന്നു.
- മറ്റു പിന്നോക്ക / മതന്യൂനപക്ഷ വിഭാഗങ്ങളുടെ സാങ്കേതിക വ്യാവസായിക പ്രാവീണ്യം മെച്ചപ്പെടുത്തുന്നതിനായി സഹായിക്കുന്നു.

കോർപ്പറേഷന്റെ രജിസ്ട്രേഡ് ഓഫീസ് തിരുവനന്തപുരത്ത് സ്ഥിതിചെയ്യുന്നു. കൂടാതെ 14 ജില്ലാ ആസ്ഥാനങ്ങളിലും ജില്ലാ ഓഫീസുകളും താലൂക്കടിസ്ഥാനത്തിൽ 20 സബ് ഓഫീസുകളും പ്രവർത്തിച്ചുവരുന്നുണ്ട്.

## മൈക്രോ ക്രെഡിറ്റ് വായ്പാ (ലഘു വായ്പ)/മഹിളാ സമൃദ്ധി യോജന പദ്ധതികൾ

വായ്പാ വിതരണ രംഗത്ത് ധാരാളം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും സമൂഹത്തിലെ ഏറ്റവും താഴ്ന്ന വരുമാനക്കാർക്ക് അവരുടെ പെട്ടെന്നുള്ള ആവശ്യങ്ങൾക്ക് ചെറിയ വായ്പകൾ ലഭിക്കുന്നതിനായി സ്വകാര്യ ധനമിടപാടുകാരെ സമീപിക്കേണ്ട അവസ്ഥയാണ് നിലനിൽക്കുന്നത്. പ്രസ്തുത സാധാരണക്കാരെ സഹായിക്കുന്നതിന് പകരം അവരെ സാമ്പത്തികമായി ചൂഷണം ചെയ്തു സ്വയം വളരുകയാണ് സ്വകാര്യ പണമിടപാടു സ്ഥാപനങ്ങൾ ചെയ്യുന്നത്.

ഈ വസ്തുതകൾ മനസിലാക്കി കെ.എസ്.ബി.സി.ഡി.സി സന്നദ്ധ സംഘടനകളും, കുടുംബശ്രീ സി.ഡി.എസ്. കളും വഴി ലഘു വായ്പാ പദ്ധതികൾ നടപ്പിലാക്കുന്നു. പ്രസ്തുത പദ്ധതി NBCFDC, NMDFC, NSKFDC എന്നീ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടെയാണ് നടപ്പിലാക്കി വരുന്നത്.

## ലഘു വായ്പാ പദ്ധതിയുടെ സവിശേഷതകൾ

- ആവശ്യമായ രേഖകൾ ഹാജരാക്കിയാൽ കാലതാമസം കൂടാതെ വായ്പ ലഭ്യമാക്കൽ
- കാല വിളംബം കൂടാതെ ലഘു ആവശ്യങ്ങൾക്കായി വായ്പകൾ ലഭ്യമാക്കുകയും സ്വകാര്യ പണമിടപാടുകാരിൽ നിന്ന് സാധാരണക്കാരെ രക്ഷിക്കുകയും ചെയ്യുക
- വളരെ കുറഞ്ഞ പലിശയ്ക്ക് സ്വയം സഹായ സംഘങ്ങൾക്ക് വായ്പ ലഭ്യമാക്കുകയും അംഗങ്ങൾക്ക് താരതമ്യേന കുറഞ്ഞ പലിശയ്ക്ക് വായ്പ വിതരണം ചെയ്യുക വഴി SHG ക്ക് ആസ്തിയും, അംഗങ്ങൾക്ക് ഒരു കൃത്യമായ തിരിച്ചടവ് രീതിയും സാമ്പത്തിക അച്ചടക്കവും ഉണ്ടാക്കുകയും ചെയ്യുക.
- ലഘു വായ്പാ പദ്ധതികൾ നടപ്പിലാക്കുന്നത് കുടുംബശ്രീ CDS അല്ലെങ്കിൽ NGO വഴിയായിരിക്കും.

## സ്വയം സഹായ സംഘം (SHG)

നഗര ഗ്രാമ പ്രദേശങ്ങളിലെ ദരിദ്ര വിഭാഗത്തിൽപ്പെട്ടവരും ഒരേ സാമ്പത്തിക സാമൂഹ്യ സ്ഥിതിയിലുള്ളവരുമായ 10 മുതൽ 20 വരെ വ്യക്തികൾ ചേർന്ന് രൂപീകരിക്കുന്ന ഗ്രൂപ്പുകളാണ് സ്വയം സഹായ സംഘം. കുടുംബശ്രീ സി.ഡി.എസ്. കളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങൾ, അയൽക്കൂട്ടങ്ങൾ (Neighbour Hood Groups - NHG) എന്ന് അറിയപ്പെടുന്നു.

## JLG (Joint Liability Group) (സംയുക്ത ബാധ്യതാ സംഘം)

4 മുതൽ 10 പേരടങ്ങുന്ന സമാന മനസ്കരായ സംഘമാണ് സംയുക്ത ബാധ്യതാ സംഘം അഥവാ Joint Liability Group. JLG എന്നത് കൊണ്ട് കാർഷിക അനുബന്ധ ഗ്രൂപ്പുകൾ, മൈക്രോ എന്റർപ്രൈസസ് (ME) എന്നിവയെ അർത്ഥമാക്കുന്നു. പ്രത്യേകമായി പരാമർശിച്ചിട്ടില്ലാത്ത പക്ഷം അയൽക്കൂട്ടങ്ങൾക്ക് നിഷ്കർഷിക്കുന്ന എല്ലാ വായ്പാ അർഹതാ മാനദണ്ഡങ്ങളും JLG ക്കും ബാധകമായിരിക്കും

## കുടുംബശ്രീ സി.ഡി.എസ്. മുഖേനയുള്ള മൈക്രോ ക്രെഡിറ്റ് വായ്പാ പദ്ധതി

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ NBCFDC, NMDFC, NSKFDC എന്നീ ദേശീയ ഏജൻസികളുടെ ധനസഹായത്തോടെ 4 വായ്പാ പദ്ധതികളാണ് നടപ്പിലാക്കുന്നത്.

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | സി.ഡി.എസ്. കളിൽ നിന്നും ഈടാക്കുന്ന പലിശ നിരക്ക് | അയൽക്കൂട്ടം, വ്യക്തി കൾ എന്നിവരിൽ നിന്ന് ഈടാക്കാവുന്ന പരമാ വധി പലിശ നിരക്ക് | തിരിച്ചടവ് കാലാവധി |
|---|---|---|---|---|
| NBCFDC മൈക്രോ ക്രെഡിറ്റ് | 3 കോടി | 4 % | 5 % | 36 മാസം |
| NBCFDC മഹിളാ സമൃദ്ധി യോജന | 3 കോടി | 3 % | 4 % | 36 മാസം |
| NMDFC മൈക്രോ ക്രെഡിറ്റ് | 3 കോടി | 4 % | 5 % | 36 മാസം |
| NSKFDC മഹിളാ സമൃദ്ധി യോജന | 3 കോടി | 3 % | 4 % | 36 മാസം |

## പദ്ധതികളുടെ പൊതു നിബന്ധനകൾ

1) **പരമാവധി വായ്പ തുക**

| | | |
|---|---|---|
| ഒരു സി.ഡി.എസ്സിന് | - | 3 കോടി രൂപ വരെ |
| ഒരു JLG - ക്ക് | - | 5 ലക്ഷം രൂപ വരെ (NBCFDC & NMDFC)<br>4 ലക്ഷം രൂപ വരെ (NSKFDC) |
| ഒരു അയൽക്കൂട്ടത്തിന് | - | 15 ലക്ഷം രൂപ വരെ (NBCFDC & NMDFC)<br>10 ലക്ഷം രൂപ വരെ (NSKFDC) |
| ഒരു വ്യക്തിയ്ക്ക് | - | 1,00,000/- രൂപ വരെ |

കോർപ്പറേഷനിൽ നിന്നും ഇതിന് മുൻപ് മൈക്രോ ക്രെഡിറ്റ് വായ്പ എടുത്തിട്ടുള്ള സി.ഡി.എസ്./ JLG/ അയൽക്കൂട്ടം/വ്യക്തികൾ എന്നിവർക്കും പുതിയ വായ്പയ്ക്ക് അർഹതയുണ്ട്. സി.ഡി.എസ്സ്-ന് മേൽ പറഞ്ഞ പ്രകാരം അനുവദനീയമായ പരമാവധി വായ്പാതുകയിൽ നിന്നും നാളിതുവരെ ലഭിച്ച വായ്പയുടെ തിരിച്ചടയ്ക്കാൻ മുതൽ ഇനത്തിൽ ബാക്കിനിൽക്കുന്ന സംഖ്യ കുറച്ചുള്ള തുക മാത്രമേ ഇനി ലഭിക്കുകയുള്ളു. JLG/ അയൽക്കൂട്ടം/വ്യക്തികൾ എന്നിവർക്ക് ഒരു വായ്പയുടെ തിരിച്ചടവ് പൂർത്തീകരിച്ച ശേഷമേ തുടർ വായ്പയ്ക്ക് അർഹതയുള്ളു.

2) ഒരു അയൽക്കൂട്ടത്തിന് അനുവദിക്കാവുന്ന പരമാവധി വായ്പാ തുക അയൽക്കൂട്ടത്തിന്റെ മിച്ച സമ്പാദയത്തിന്റെ (thrift) 5 ഇരട്ടിയിൽ നിന്നും നിലവിലുള്ള കടബാധയത കുറച്ചാൽ കിട്ടുന്ന തുകയിൽ കൂടാൻ പാടുള്ളതല്ല. കടബാധ്യത കണക്കാക്കുന്നതിന് അയൽക്കൂട്ടത്തിന്റെ മിച്ച സമ്പാദ്യത്തിൽ നിന്നുള്ള (internal leding) ആന്തരിക വായ്പ പരിഗണിക്കേണ്ടതില്ല. JLG യുടെ മിച്ച സമ്പാദ്യം കണക്കാക്കുന്നതിന് JLG അംഗങ്ങൾക്ക് അംഗത്വമുള്ള അയൽക്കൂട്ടത്തിലെ അവരവരുടെ സമ്പാദ്യത്തിന്റെ ആകെ തുക പരിഗണിക്കുന്നതാണ്.

3) തെരഞ്ഞെടുക്കപ്പെടുന്ന അയൽക്കൂട്ടങ്ങളിലെ അംഗ സംഖ്യ 10-ൽ താഴെയാകാനോ 20-ൽ കൂടുവാനോ പാടുള്ളതല്ല. JLG യുടെ അംഗ സംഖ്യ 4 ൽ താഴെയാകാനോ 10-ൽ കൂടുവാനോ പാടുള്ളതല്ല.

4) NBCFDC ഫണ്ട് വിനിയോഗിച്ചുള്ള പദ്ധതിയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന ഓരോ അയൽക്കൂങ്ങളിലും 60% അംഗങ്ങളെങ്കിലും (OBC) മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരായിരിക്കണം. വായ്പാ വിതരണത്തിന് തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളിലും 60% മറ്റ് പിന്നോക്ക (OBC) വിഭാഗത്തിൽപ്പെട്ടവരായിരിക്കണം. NMDFC ഫണ്ട് വിനിയോഗിച്ചുള്ള പദ്ധതിയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന ഓരോ അയൽക്കൂട്ടങ്ങളിലും 75% അംഗങ്ങളെങ്കിലും ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരായിരിക്കണം. (ക്രിസ്ത്യൻ / മുസ്ളീം / സിക്ക് /ബുദ്ധ/പാഴ്സി/ജൈന) അയൽക്കൂട്ടത്തിൽ നിന്നും വായ്പാ വിതരണത്തിന് തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളിലും 75% എങ്കിലും ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരായിരിക്കണം. എന്നാൽ NMDFC പദ്ധതി പ്രകാരം സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങളിൽപ്പെട്ടവർ (പട്ടികജാതി/പട്ടികവർഗ്ഗ/ ഒ.ബി.സി./വികലാംഗർ) കൂടുതലുള്ള അയൽക്കൂട്ടങ്ങളിലെ ആകെ അംഗങ്ങളിലും വായ്പയ്ക്കായി തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളിലും 60% എങ്കിലും ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരാണെങ്കിൽ പരിഗണിക്കാവുന്നതാണ്. എന്നാൽ ഇത്തരം അയൽക്കൂട്ടങ്ങളിൽ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് പുറമേ പട്ടികജാതി/പട്ടികവർഗ്ഗ/ഒ.ബി.സി./വികലാംഗർ എന്നീ വിഭാഗത്തിൽപ്പെട്ട അംഗങ്ങൾ മാത്രമേ ഉണ്ടാകാൻ പാടുള്ളു. NSKFDC ഫണ്ട് വിനിയോഗിച്ചുള്ള പദ്ധതികൾക്ക് 50% മറ്റ് പിന്നോക്ക/ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട അംഗങ്ങളുള്ള അയൽകൂട്ടങ്ങൾക്ക് മുൻഗണന ലഭിക്കുന്നതാണ്. കൂടാതെ അംഗങ്ങൾ ശുചിത്യ മേഖലകളിൽ പ്രവർത്തിക്കുന്നവരോ അല്ലെങ്കിൽ അവരുടെ ആശ്രിതരോ ആയിരിക്കണം. ഈ വ്യവസ്ഥകൾ JLG - യ്ക്കും ബാധകമാണ്.

5) NBCFDC പദ്ധതി പ്രകാരം 3,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ള വ്യക്തികൾക്ക് മാത്രമേ വായ്പ അനുവദിക്കാനാവുകയുള്ളു. NMDFC പദ്ധതി പ്രകാരം ഗ്രാമപ്രദേശങ്ങളിൽ 98,000/- രൂപയിൽ താഴെയും, നഗരപ്രദേശങ്ങളിൽ 1,20,000/- രൂപയിൽ താഴെയും കുടുംബ വാർഷിക വരുമാനമുള്ള വ്യക്തികൾക്ക് മാത്രമേ വായ്പ അനുവദിക്കാനാവുകയുള്ളു. NSKFDC പദ്ധതിയിൽ കുടുംബവാർഷികവരുമാന പരിധിയില്ല.

6) വരുമാനദായകമായ ഏതെങ്കിലും പദ്ധതി തുടങ്ങുന്നതിന് / നിലവിലുള്ള പദ്ധതി വിപുലീകരിക്കുന്നതിന് വായ്പാ തുക വിനിയോഗിക്കേണ്ടതാണ്.

7) NBCFDC മൈക്രോ ക്രെഡിറ്റ്, NMDFC മൈക്രോ ക്രെഡിറ്റ് പദ്ധതികൾക്ക്, പദ്ധതി അടങ്കലിന്റെ 5% ഗുണഭോക്തൃ വിഹിതം നിശ്ചയിച്ചിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം വ്യക്തിഗത ഗുണഭോക്താവ് നേരിട്ട് ചെലവഴിച്ചാൽ മതിയാകും.

## അപേക്ഷ സമർപ്പണവും തുടർ പ്രക്രിയകളും

1) മൈക്രോ ക്രെഡിറ്റ് വായ്പാ പദ്ധതികൾക്കുള്ള അപേക്ഷ രണ്ട് ഘട്ടങ്ങളായി സമർപ്പിക്കേണ്ടതാണ്.

2) പ്രാഥമിക അപേക്ഷ കോർപ്പറേഷന്റെ www.ksbcdc.com എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. സി.ഡി.എസ്.കൾ നിശ്ചിത തീയതിയ്ക്കകം അപേക്ഷ പൂരിപ്പിച്ച് അതാത് ജില്ലാ / ഉപജില്ലാ ഓഫീസുകളിൽ സമർപ്പിക്കേണ്ടതാണ്. (MC-1)

3) പ്രാഥമിക അപേക്ഷ പരിഗണിച്ച് അർഹരാണെന്ന് കണ്ടെത്തുന്ന സി.ഡി.എസ്സുകൾ വിശദമായ അപേക്ഷ കോർപ്പറേഷന്റെ www.ksbcdc.com എന്ന വെബ്സൈറ്റ് വഴി സമർപ്പിക്കേണ്ടതാണ്. അപേക്ഷ സമർപ്പിക്കുന്നതിന് ആവശ്യമായ User Name, Password എന്നിവ സി.ഡി.എസ്.-കൾക്ക് കൈമാറുന്നതാണ്.

4) നിശ്ചിത തീയതിയ്ക്കകം വിശദമായ അപേക്ഷ വെബ്സൈറ്റിൽ സമർപ്പിച്ച ശേഷം അസൽ അപേക്ഷ മെമ്പർ സെക്രട്ടറി, ചെയർപേഴ്സൺ എന്നിവരുടെ ഒപ്പ് സഹിതം കോർപ്പറേഷൻ നിഷ്കർഷിക്കുന്ന തീയതിയ്ക്കകം ജില്ലാ / ഉപജില്ലാ ഓഫീസിൽ നേരിട്ട് സമർപ്പിക്കേണ്ടതാണ്. [MC-2(A)-(D)]

5) വിശദമായ അപേക്ഷ പരിശോധിച്ച് കോർപ്പറേഷൻ അർഹരായ സി.ഡി.എസ്.കൾക്ക് പ്രാഥമിക അംഗീകാരം നൽകുന്നതാണ്.

6) പ്രാഥമിക അംഗീകാരം ലഭിച്ചാൽ ഉടനെ സി.ഡി.എസ്സുകൾ വായ്പയ്ക്കായി തെരഞ്ഞെടുക്കപ്പെട്ട എല്ലാ അയൽക്കൂട്ടങ്ങളിൽ നിന്നും നിർദ്ദിഷ്ഠ മാതൃകയിൽ വായ്പ അപേക്ഷ (MC-9) വാങ്ങിക്കേണ്ടതും, അവ പരിഗണിച്ച് അനുവദിക്കുന്ന തുക രേഖപ്പെടുത്തി അനുമതി നൽകേണ്ടതുമാണ്. അതുപോലെ തന്നെ അയൽക്കൂട്ടങ്ങൾ വായ്പയ്ക്കായി തെരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങളിൽ നിന്നും നിർദ്ദിഷ്ഠമാതൃകയിൽ (MC-10) വായ്പ അപേക്ഷ വാങ്ങിക്കേണ്ടതും, അവ പരിഗണിച്ച് അനുവദിക്കുന്ന തുക രേഖപ്പെടുത്തി അനുമതി നൽകേണ്ടതുമാണ്. ടി രേഖകൾ സി.ഡി.എസ്സ്. - പരിശോധിച്ച് അവർ കോർപ്പറേഷനിൽ സമർപ്പിച്ച വിശദമായ അപേക്ഷ [MC-2(A)-(D)] യിലെ വിവരങ്ങൾക്ക് അനുസൃതമാണെന്ന് ഉറപ്പുവരുത്തേണ്ടതും സി.ഡി.എസ്സ് ന്റെ ഓഫീസിൽ ടി രേഖകൾ സൂക്ഷിക്കേണ്ടതുമാണ്. മതം, ജാതി, വാർഷിക വരുമാനം എന്നിവ തെളിയിക്കുന്ന രേഖകൾ അംഗങ്ങളിൽ നിന്നും സി.ഡി.എസ്സ്. വാങ്ങേണ്ടതും അവയുടെ ആധികാരികത ഉറപ്പുവരുത്തേണ്ടതുമാണ്.

7) പ്രാഥമിക അംഗീകാരം ലഭിച്ച് 10 ദിവസത്തിനകം ചുവടെ ചേർക്കുന്ന രേഖകൾ കൂടി നിർദ്ദിഷ്ഠ മാതൃകയിലുള്ള ചെക്ക് ലിസ്റ്റ് (MC-3) സഹിതം ഹാജരാക്കേണ്ടതാണ്. അപേക്ഷ പരിശോധിച്ച് പദ്ധതി നിബന്ധനകൾക്ക് അനുസൃതമല്ലെങ്കിൽ ഭേദഗതി ചെയ്യാൻ ആവശ്യപ്പെടുന്നതാണ്.

- ❖ കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററുടെ ശുപാർശ (നിശ്ചിത ഫോർമാറ്റിൽ (MC-4)
- ❖ കഴിഞ്ഞ 3 സാമ്പത്തിക വർഷത്തെ ആഡിറ്റഡ് അക്കൗണ്ട്സ്, ബാലൻസ് ഷീറ്റ്, ആന്വൽ റിപ്പോർട്ട്
- ❖ സി.ഡി.എസ്. ജനറൽ ബോഡി / എക്സിക്യൂട്ടീവ് മൈക്രോ ക്രെഡിറ്റ് വായ്പ എടുക്കുന്നതിന് കൈക്കൊണ്ട തീരുമാനത്തിന്റെ മെമ്പർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

- ❖ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ മെമ്പർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
- ❖ ചെയർപേഴ്സന്റെ ബയോ ഡാറ്റാ
- ❖ കമ്മറ്റി ഭാരവാഹികളുടെ പേരും, തസ്തികയും, വിലാസവും. (MC-5)
- ❖ തെരഞ്ഞെടുക്കപ്പെട്ട അയൽക്കൂട്ടങ്ങളുടെ കഴിഞ്ഞ 3 സാമ്പത്തിക വർഷത്തെ KAAS ആഡിറ്റ് റിപ്പോർട്ട്.
- ❖ അയൽക്കൂട്ടം സി.ഡി.എസ്.ൽ നിന്നും വായ്പ എടുക്കുന്നതിന് കൈക്കൊണ്ട തീരുമാനത്തിന്റെ സി.ഡി.എസ്. ചെയർപേഴ്സൺ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
- ❖ അയൽക്കൂട്ടങ്ങളുടെ ബാങ്ക് സ്റ്റേറ്റ്മെന്റിന്റെ പകർപ്പ്.
- ❖ തെരഞ്ഞെടുക്കപ്പെട്ട അയൽക്കൂട്ടങ്ങൾക്ക് ലിങ്കേജ് വായ്പ ലഭിച്ചിട്ടുണ്ടെങ്കിൽ അവയുടെ തിരിച്ചടവ് സംബന്ധിച്ച് ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള റിപ്പോർട്ട്.
- ❖ തെരഞ്ഞെടുക്കപ്പെട്ട അയൽക്കൂട്ടങ്ങളിലെ അംഗങ്ങളുടെ ഗ്രൂപ്പ് ഫോട്ടോ / നിശ്ചിത പെർഫോർമയിൽ (MC-6)
- ❖ നിർദ്ദഷ്ഠ ഗ്രേഡിംഗ് ഷീറ്റിന്റെ അടിസ്ഥാനത്തിൽ അയൽക്കൂട്ടങ്ങളെ വിലയിരുത്തിയ റിപ്പോർട്ട് (MC-7A), നിർദ്ദിഷ്ഠഫോറത്തിൽ JLG കളുടെ പ്രവർത്തനം വിലയിരുത്തിയ റിപ്പോർട്ട് (MC-7B)
- ❖ മിച്ച സമ്പാദ്യം പരിശോധിക്കുന്നതിന് സമ്പാദ്യ രജിസ്റ്ററിന്റെ സി.ഡി.എസ്സ്. ചെയർപേഴ്സൺ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

8) സമർപ്പിക്കപ്പെട്ട രേഖകളുടെ സൂക്ഷമ പരിശോധനയ്ക്ക് ശേഷം വായ്പ വിതരണ ഉത്തരവ് നൽകുന്നതാണ്. വായ്പാ അനുമതി ലഭിച്ച് കഴിഞ്ഞാൽ ഗുണഭോക്തൃ പട്ടിക ഭേദഗതി ചെയ്യാൻ അനുവദിക്കുന്നതല്ല.

9) സി.ഡി.എസ്സ്. തെരഞ്ഞെടുക്കപ്പെട്ട അയൽക്കൂട്ടങ്ങളിലെ അംഗങ്ങളുമായി (നിശ്ചിത ഫോർമാറ്റിൽ) ഇന്റർ സെ കരാറിൽ ഏർപ്പെടേണ്ടതും ആയത് കോർപ്പറേഷന്റെ ആഫീസിൽ വായ്പാ കരാറിൽ ഏർപ്പെടുന്നതിന് മുൻപ് ഹാജരാക്കേണ്ടതുമാണ്. (MC-11)

10) NSKFDC യുടെ വായ്പ ലഭ്യമാക്കുന്നതിന് അംഗങ്ങൾ ശുചിത്വമേഖലയിൽ പ്രവർത്തിക്കുന്നതാണെന്ന് തെളിയിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/ സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻ / കൗൺസിലർ / ഗസറ്റഡ് ഓഫീസർ നൽകുന്ന NSKFDC Occupation Certificate (MC- 7C) ഹാജരാക്കേണ്ടതാണ്.

## വായ്പാ വിതരണവും തുടർ പ്രക്രിയകളും

1) വായ്പാ കരാറിൽ ഏർപ്പെട്ട ശേഷം സി.ഡി.എസ്സ്.ന് വായ്പാ തുക സി.ഡി.എസ്സ്.-ന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നതാണ്. സി.ഡി.എസ്സ്. 15 ദിവസത്തിനകം വായ്പാ തുക അയൽക്കൂട്ടങ്ങളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകേണ്ടതാണ്. അയൽക്കൂട്ടങ്ങൾക്ക് 15 ദിവസത്തിനകം വ്യക്തിഗത ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്യേണ്ടതുമാണ്.
2) സി.ഡി.എസ്സ്./അയൽക്കൂട്ടം/JLG എന്നിവർ വായ്പാ വിതരണ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും, വായ്പാ വിതരണം, തിരിച്ചടവ് തുടങ്ങിയ മുഴുവൻ വിശദാംശങ്ങളും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

3) വ്യക്തിഗത ഗുണഭോക്താക്കൾക്ക് വായ്പാ വിതരണം ചെയ്ത് 15 ദിവസത്തിനകം നിർദ്ദിഷ്ഠ മാതൃകയിൽ വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്. (MC-12)

4) പദ്ധതിയുടെ ഏത് ഘട്ടത്തിലും കോർപ്പറേഷന്റെ / ദേശീയ ഏജൻസിയുടെ ഉദ്യോഗസ്ഥർക്കോ അല്ലെങ്കിൽ ഇതിനായി നിയോഗിക്കുന്ന ഏജൻസികൾക്കോ ആവശ്യമായ രേഖകൾ പരിശോധിക്കുന്നതിനും ഗുണഭോക്താക്കളെ നേരിൽകണ്ട് വായ്പാ വിനിയോഗം പരിശോധിക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

## വിനിയോഗിക്കാത്ത വായ്പാ തുകയുടെ തിരിച്ചടവ്

സി.ഡി.എസ്സ്./അയൽക്കൂട്ടം/JLG-യ്ക്ക് തുക ലഭിച്ച് 15 ദിവസത്തിനകം വിനിയോഗിക്കാത്ത തുക സി.ഡി.എസ്സ്. 8% പലിശ സഹിതം ടി സമയ പരിധിക്കു ശേഷം 15 ദിവസത്തിനകം സി.ഡി.എസ്സ്. കോർപ്പറേഷനിൽ തിരിച്ചടയ്ക്കേണ്ടതാണ്. അയൽക്കൂട്ടങ്ങൾക്ക് വായ്പാതുക കൈമാറുന്നതിന് മുമ്പ് നിശ്ചിത സമയത്തിനകം യഥാവിധി തുക വിനിയോഗിക്കുമെന്ന് സി.ഡി.എസ്സ്. ഉറപ്പാക്കേണ്ടതാണ്.

## വായ്പാ ദുർവിനിയോഗം

കെ.എസ്.ബി.സി.ഡി.സി നൽകുന്ന മൈക്രോ ക്രെഡിറ്റ് വായ്പ, പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി മാത്രം വിനിയോഗിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തേണ്ടതും പദ്ധതിയ്ക്കായി തെരഞ്ഞെടുക്കപ്പെട്ട അയൽക്കൂട്ടങ്ങൾ, വ്യക്തിഗത ഗുണഭോക്താക്കൾ എന്നിവരുടെ അർഹതാ മാനദണ്ഡങ്ങൾ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതും സി.ഡി.എസ്.-ന്റെ ബാധ്യതയാണ്. ഇതിന് വിരുദ്ധമായി പ്രവർത്തിച്ചതായി ബോധ്യപ്പെട്ടാൽ വായ്പയുടെ ദുർവിനിയോഗമായി കണക്കാക്കുന്നതും, ദുർവിനിയോഗപ്പെട്ട തുക വായ്പ അനുവദിക്കപ്പെട്ട തീയതി മുതൽ പ്രാബല്യത്തോടെ 12% പിഴപ്പലിശയോടു കൂടി തിരിച്ചടക്കുവാൻ ആവശ്യപ്പെടുന്നതിന് കോർപ്പറേഷന് അധികാരമുണ്ടായിരിക്കുന്നതാണ്. തുക ഒന്നിച്ചോ ഗഡുക്കളായോ തിരിച്ചടയ്ക്കുവാൻ ആവശ്യപ്പെടുന്നതിന് കോർപ്പറേഷന് അധികാരമുണ്ടായിരിക്കുന്നതാണ്. ആവശ്യമാണെന്ന് കാണുന്ന പക്ഷം നിയമ നടപടികൾ സ്വീകരിക്കുന്നതിനും കോർപ്പറേഷന് അധികാരമുണ്ടായിരിക്കും.

## പ്രോസസിംഗ് ഫീസ്

വായ്പാ തുകയുടെ 0.25% പ്രോസസിംഗ് ഫീസായി ഈടാക്കുന്നതാണ്. എന്നാൽ പരമാവധി പ്രോസസിംഗ് ഫീസ് 5000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഒരു സി.ഡി.എസ്-ന് ഒന്നിലേറെ ഫണ്ടുകളിൽ നിന്നും ഒരേ ദിവസം വായ്പ അനുവദിക്കുമ്പോൾ ആകെ അനുവദിക്കുന്ന വായ്പാ തുകയുടെ അടിസ്ഥാനത്തിൽ പ്രോസസിംഗ് ഫീസ് കണക്കാക്കുന്നതാണ്. വായ്പാ കരാറിൽ ഏർപ്പെടുന്നതിന് മുൻപ് പ്രോസസിംഗ് ഫീസും അപേക്ഷ ഫോറത്തിന്റെ വിലയായി 100 രൂപയും ഒടുക്കേണ്ടതാണ്.

# കുടുംബശ്രീ സി.ഡി.എസ്. കൾ മുഖേന നടപ്പിലാക്കുന്ന മൈക്രോ ഫിനാൻസ് വായ്പാ പദ്ധതി മാർഗ്ഗരേഖ – 2021

## <u>ഫോറങ്ങളും, അനുബന്ധങ്ങളും</u>

# മൈക്രോ ക്രെഡിറ്റ് വായ്പക്കുള്ള പ്രാരംഭ അപേക്ഷ ഫാറം

1) സി.ഡി.എസ്സ്.-ന്റെ പേര് :
2) മേൽ വിലാസം

3) ജില്ല
4) ഫോൺ നമ്പർ
5) ഇ-മെയിൽ വിലാസം
6) സി.ഡി.എസ്സ്.-ന്റെ രജിസ്ട്രേഷൻ നമ്പർ തീയതി
7) ചെയർ പേഴ്സന്റെ പേര്, മൊബൈൽ നമ്പർ
8) അയൽക്കൂട്ടങ്ങളുടെ പ്രവർത്തന കാലയളവ്

| പ്രവർത്തന കാലയളവ് | അയൽക്കൂട്ടങ്ങളുടെ എണ്ണം |
|---|---|
| ഒരു വർഷം വരെ | |
| ഒരു വർഷത്തിനു മുകളിൽ | |
| ആകെ | |

9) സി.ഡി.എസ്സ്. കഴിഞ്ഞ മൂന്ന് വർഷങ്ങളായി നടപ്പിലാക്കിയിട്ടുള്ള സാമൂഹ്യ സാമ്പത്തിക വികസന പരിപാടികളുടെ വിശദ വിവരങ്ങൾ.

| വർഷം | പരിപാടിയുടെ പേര് | ധനസഹായം നൽകിയ സ്ഥാപനത്തിന്റെ പേര് | ലഭിച്ച തുക | നേട്ടം |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |

10) മൈക്രോ ക്രെഡിറ്റ് പദ്ധതി നിർവ്വഹണത്തിലുള്ള മുൻ പരിചയം

| വർഷം | അയൽക്കൂട്ടങ്ങളുടെ എണ്ണം | ആകെ ലഭിച്ച ധനസഹായം | നടപ്പിലാക്കിയ പദ്ധതി | തിരിച്ചടവിലുള്ള കുടിശ്ശിക |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |

11) ബാലൻസ് ഷീറ്റ് പ്രകാരമുള്ള സി.ഡി.എസ്സ്.-ന്റെ സാമ്പത്തിക നില

| സാമ്പത്തിക വർഷം | വർഷം 1 | വർഷം 2 | വർഷം 3 |
|---|---|---|---|
| | 2018-19 | 2019-20 | 2020-21 |
| (i) സ്ഥിരം | | | |
| (ii) കറന്റ് ആസ്തി | | | |
| (iii) വായ്പകൾ | | | |
| (iv) മറ്റ് ബാധ്യതകൾ | | | |

12) അപേക്ഷിക്കുന്ന വായ്പാ തുക : ---------------------------

## സാക്ഷ്യപത്രം

ഈ അപേക്ഷയിൽ നൽകിയിട്ടുള്ള വിവരങ്ങൾ സത്യവും വസ്തുതാപരവുമാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. വായ്പാ വിതരണത്തിന് അർഹമായ അയൽക്കൂട്ടങ്ങളുടെയും, വ്യക്തിഗത ഗുണഭോക്താക്കളുടേയും വിശദാംശങ്ങൾ, -------------------- നകം കോർപ്പറേഷന്റെ വെബ്സൈറ്റിൽ സമർപ്പിക്കുന്നതാണ്. ആവശ്യമായ മറ്റു രേഖകൾ സഹിതം ഇവ ------------ നകം കോർപ്പറേഷന്റെ ഓഫീസിൽ നേരിട്ട് സമർപ്പിക്കുന്നതാണ്.

മെമ്പർ സെക്രട്ടറി ചെയർപേഴ്സൺ

സ്ഥലം :

തീയതി :

**MC 2 (A)**

## കെ.എസ്.ബി.സി.ഡി.സി. മൈക്രോ ക്രെഡിറ്റ് വായ്പാ
## തെരഞ്ഞെടുക്കപ്പെട്ട അയൽക്കൂട്ടങ്ങളുടെ സാമ്പത്തിക സ്ഥിതി റിപ്പോർട്ട്

| ക്രമ നമ്പർ | അയൽക്കൂട്ടത്തിന്റെ പേര് | മിച്ച സമ്പാദ്യത്തിന്റെ അഞ്ചിരട്ടി | നിലവിലെ കടബാധ്യത | കടബാധ്യത കഴിച്ചുള്ള മിച്ച സമ്പാദ്യം | ആവശ്യപ്പെടുന്ന വായ്പ |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |

**മെമ്പർ സെക്രട്ടറി** **വൈസ് ചെയർപേഴ്സൺ** **ചെയർപേഴ്സൺ**

സി.ഡി.എസ്സ്
സീൽ

## അംഗങ്ങളുടെ വിശദാംശങ്ങൾ

____________________________ അയൽക്കൂട്ടം / JLG

| ക്രമ നമ്പർ | അംഗത്തിന്റെ പേരും മേൽവിലാസവും | അച്ഛന്റെ/ ഭർത്താവിന്റെ പേര് | വയസ് | മതം | ജാതി | അംഗത്തിന്റെ ആധാർ നമ്പർ | വാർഷിക കുടുംബ വരുമാനം | പദ്ധതിയുടെ പേര് | ആകെ പദ്ധതി ചിലവ് | വായ്പ തുക |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |

ഒപ്പ്
മെമ്പർ സെക്രട്ടറി

ഒപ്പ്
ചെയർ പെഴ്സൺ

MC -2 (B)

സി.ഡി.എസ്സ്
സീൽ

## കെ.എസ്.ബി.സി.ഡി.സി. മൈക്രോ ക്രെഡിറ്റ് വായ്പാ തെരഞ്ഞെടുക്കപ്പെട്ട അയൽക്കൂട്ടങ്ങളിലെ അംഗങ്ങളുടെ വിശദാംശങ്ങൾ

a) **NBCFDC ഫണ്ട്**

| ക്രമ നമ്പർ | അയൽക്കൂട്ടത്തിന്റെ പേര് | ആകെ അംഗ ങ്ങൾ | മറ്റു പിന്നോക്ക വിഭാഗ അംഗങ്ങൾ | മറ്റുള്ളവർ | വായ്പ ആവശ്യപ്പെ ടുന്ന അംഗങ്ങൾ | മറ്റു പിന്നോക്ക വിഭാഗ അംഗങ്ങൾ | മറ്റുള്ളവർ |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |
| | | | | | | | |
| | ആകെ | | | | | | |

b) **NMDFC ഫണ്ട്**

| ക്രമ നമ്പർ | അയൽക്കൂട്ടത്തിന്റെ പേര് | ആകെ അംഗ ങ്ങൾ | ന്യൂനപക്ഷ അംഗങ്ങൾ | മറ്റുള്ളവർ | വായ്പ ആവശ്യപ്പെ ടുന്ന അംഗങ്ങൾ | ന്യൂനപക്ഷ അംഗങ്ങൾ | മറ്റുള്ളവർ |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |
| | | | | | | | |
| | ആകെ | | | | | | |

c) **NSKFDC ഫണ്ട്**

| ക്രമ നമ്പർ | അയൽക്കൂട്ടത്തിന്റെ പേര് | ആകെ അംഗ ങ്ങൾ | മറ്റു പിന്നോക്ക വിഭാഗ /ന്യൂനപക്ഷ അംഗങ്ങൾ | മറ്റുള്ളവർ | വായ്പ ആവശ്യപ്പെ ടുന്ന അംഗങ്ങൾ | മറ്റു പിന്നോക്ക വിഭാഗ /ന്യൂന പക്ഷ അംഗങ്ങൾ | മറ്റുള്ളവർ |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |
| | | | | | | | |
| | ആകെ | | | | | | |

**മെമ്പർ സെക്രട്ടറി** **വൈസ് ചെയർപേഴ്സൺ** **ചെയർപേഴ്സൺ**

സി.ഡി.എസ്സ് സീൽ

## കെ.എസ്.ബി.സി.ഡി.സി. മൈക്രോ ക്രെഡിറ്റ് വായ്പാ ഫണ്ട് തിരിച്ചുള്ള വിശദാംശങ്ങൾ–

a)

| | NBCFDC ഫണ്ട് | വായ്പയെടുക്കുന്ന അംഗങ്ങളുടെ എണ്ണം | ആവശ്യപ്പെടുന്ന വായ്പാ തുക |
|---|---|---|---|
| | മറ്റു പിന്നോക്ക വിഭാഗ അംഗങ്ങൾ | | |
| | മറ്റുള്ളവർ | | |
| | ആകെ | | |

b)

| | NMDFC ഫണ്ട് | വായ്പയെടുക്കുന്ന അംഗങ്ങളുടെ എണ്ണം | ആവശ്യപ്പെടുന്ന വായ്പാ തുക |
|---|---|---|---|
| | ന്യൂനപക്ഷ വിഭാഗ അംഗങ്ങൾ | | |
| | മറ്റുള്ളവർ | | |
| | ആകെ | | |

c)

| | NSKFDC ഫണ്ട് | വായ്പയെടുക്കുന്ന അംഗങ്ങളുടെ എണ്ണം | ആവശ്യപ്പെടുന്ന വായ്പാ തുക |
|---|---|---|---|
| | മറ്റു പിന്നോക്ക വിഭാഗ / ന്യൂനപക്ഷ വിഭാഗ അംഗങ്ങൾ | | |
| | മറ്റുള്ളവർ | | |
| | ആകെ | | |

**മെമ്പർ സെക്രട്ടറി** **വൈസ് ചെയർപേഴ്സൺ** **ചെയർപേഴ്സൺ**

സി.ഡി.എസ്സ്
സീൽ

**MC-3**

# ചെക്ക് ലിസ്റ്റ്

| ക്രമ നമ്പർ | ഉള്ളടക്കം ചെയ്തിട്ടുള്ളവരുടെ വിശദ വിവരങ്ങൾ | ഉണ്ട്/ഇല്ല | റിമാർക്സ് |
|---|---|---|---|
| 1 | കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററുടെ ശുപാർശ (MC-4) | | |
| 2 | കഴിഞ്ഞ 3 സാമ്പത്തിക വർഷത്തെ ആഡിറ്റഡ് അക്കൗണ്ട്സ്, ബാലൻസ് ഷീറ്റ്, ആന്വൽ റിപ്പോർട്ട് | | |
| 3 | സിഡിഎസ് ജനറൽ ബോഡി / എക്സിക്യൂട്ടീവ് മൈക്രോ ക്രെഡിറ്റ് വായ്പ എടുക്കുന്നതിന് കൈക്കൊണ്ട തീരുമാനത്തിന്റെ മെമ്പർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പകർപ്പ്. | | |
| 4 | രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ മെമ്പർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പകർപ്പ്. | | |
| 5 | ചെയർപേഴ്സന്റെ ബയോ ഡാറ്റാ | | |
| 6 | കമ്മിറ്റി ഭാരവാഹികളുടെ പേരും, തസ്തികയും, വിലാസവും (MC-5) | | |
| 7 | തെരഞ്ഞെടുക്കപ്പെട്ട അയൽക്കൂട്ടങ്ങളുടെ കഴിഞ്ഞ 3 സാമ്പത്തിക വർഷത്തെ KAAS ആഡിറ്റ് റിപ്പോർട്ട് | | |
| 8 | അയൽക്കൂട്ടം / JLG കൾ സിഡിഎസ്-ൽ നിന്നും വായ്പ എടുക്കുന്നതിന് കൈക്കൊണ്ട തീരുമാനത്തിന്റെ സിഡിഎസ് ചെയർപേഴ്സൺ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. | | |
| 9 | അയൽക്കൂട്ടം / JLG കളുടെ ബാങ്ക് സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് | | |
| 10 | തെരഞ്ഞെടുക്കപ്പെട്ട അയൽക്കൂട്ടങ്ങൾക്ക് ലിങ്കേജ് വായ്പ ലഭിച്ചിട്ടുണ്ടെങ്കിൽ അവയുടെ തിരിച്ചടവ് സംബന്ധിച്ച് ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള റിപ്പോർട്ട് | | |
| 11 | തെരഞ്ഞെടുക്കപ്പെട്ട അയൽക്കൂട്ടങ്ങളിലെ അംഗങ്ങളുടെ ഗ്രൂപ്പ് ഫോട്ടോ / നിശ്ചിത പെർഫോർമയിൽ (MC-6) | | |
| 12 | നിർദ്ദിഷ്ഠ ഗ്രേഡിംഗ് ഷീറ്റിന്റെ അടിസ്ഥാനത്തിൽ അയൽക്കൂട്ടങ്ങളെ വിലയിരുത്തിയ റിപ്പോർട്ട് (MC-7A) | | |
| 13 | നിർദ്ദിഷ്ഠ മാതൃകയിൽ JLG കളെ വിലയിരുത്തിയ റിപ്പോർട്ട് (MC-7 B) | | |
| 14 | മിച്ച സമ്പാദ്യ രജിസ്റ്ററിന്റെ സിഡിഎസ്സ് ചെയർപേഴ്സൺ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. | | |

ചെയർപേഴ്സൺ

**MC-4**

# കുടുംബശ്രീ മിഷൻ കോഓർഡിനേറ്ററുടെ ശുപാർശ

കുടുംബശ്രീ ________________________ ജില്ലാ മിഷന്റെ കീഴിൽ രജിസ്റ്റർ ചെയ്ത ____________________________ CDS ന്റെ പ്രവർത്തനം തൃപ്തികരമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. ആയതിനാൽ __________________________ CDS ന് _______________ രൂപ (________________________ രൂപ മാത്രം) ലഘു വായ്പ നൽകുന്നതിന് കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനോട് ശുപാർശ ചെയ്യുന്നു.

സ്ഥലം :

തിയ്യതി :

ജില്ലാ മിഷൻ കോ- ഓർഡിനേറ്ററുടെ

പേരും ഒപ്പും, ഓഫീസ് സീലും

**MC-5**

# CDS ഭാരവാഹികളുടെ പേരും വിശദ വിവരങ്ങളും

| ക്രമ നമ്പർ | പേര് | സ്ഥാനം | മേൽ വിലാസം | ഫോൺ നമ്പർ |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |

**KERALA STATE BACKWARD CLASSES DEVELOPMENT CORPORATION LTD.**

**SHG WISE LIST OF BENEFICIARIES – FACING SHEET**

| Sl.No | Name | Position in photograph |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |
| 10 | | |
| 11 | | |
| 12 | | |
| 13 | | |
| 14 | | |
| 15 | | |
| 16 | | |
| 17 | | |
| 18 | | |
| 19 | | |
| 20 | | |

Affix Group photograph (6” × 4” size) of all members availing loan. Write the name of persons in the order of their position in photograph. Write position of the persons. ( eg. Sitting from left -1, Standing 1st row -3 etc, Standing top row - 5)

**Name of CDS:** ______________________

**Name of NHG/JLG:** ______________________

| Total No. of Members | Members availing loan |
|---|---|
| | |

(Signature)
NHG/JLG President

(Signature)
NHG/JLG Secretary

(Signature)
Chairperson

(Office Seal of CDS)

**MC-6**

# GRADING SHEET (CDS തയ്യാറാക്കി നൽകേണ്ടത്)
## കുടുംബശ്രീ അയൽക്കൂട്ടങ്ങളെ (NHG)
## വിലയിരുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ

CDS ന്റെ പേര് : തീയതി :

പഞ്ചായത്തിന്റെ പേര് :

അയൽക്കൂട്ടത്തിന്റെ പേര് :

| ക്രമ നമ്പർ | മാനദണ്ഢവും സൂചനയും | പരമാവധി | കിട്ടിയത് |
|---|---|---|---|
| 1 | അയൽക്കൂട്ടങ്ങളുടെ ഘടന | | |
| | എ) അംഗങ്ങൾ സാമൂഹികമായും സാമ്പത്തികമായും സമാന നിലവാരമുള്ളവരാണ് | 10 | |
| | ബി) ഇക്കാര്യങ്ങളിൽ വ്യത്യസ്ത നിലവാരക്കാരാണ് | 5 | |
| 2 | അയൽക്കൂട്ടം തുടങ്ങിയിട്ട് എത്ര കാലമായി ? | | |
| | എ) ഒരു വർഷത്തിനു മേൽ | 10 | |
| | ബി) ആറു മാസത്തിനും ഒരു വർഷത്തനുമിടയിൽ<br>(ആറു മാസമെങ്കിലും പ്രായമാകാത്ത അയൽക്കൂട്ടം വിലയിരുത്തപ്പെടാൻ യോഗ്യമല്ല) | 5 | |
| 3 | യോഗങ്ങൾ പ്രതിമാസം എത്ര യോഗങ്ങൾ ? | | |
| | എ) നാലു യോഗങ്ങൾ | 10 | |
| | ബി) 2-3 യോഗങ്ങൾ | 8 | |
| | സി) ഒന്നു മാത്രം<br>(തൊട്ടു മുമ്പുള്ള 3 മാസങ്ങളിലെ ശരാശരി കാണുക) | 3 | |
| 4 | ഹാജർ | | |
| | എ) 90% ൽ കൂടുതൽ | 10 | |
| | ബി) 70% നും 90% നും ഇടയിൽ | 5 | |
| | സി) 70% ൽ കുറവ്<br>(തൊട്ടു മുമ്പുള്ള 3 മാസങ്ങളിലെ ശരാശരി ഹാജർ കാണുക)<br>ശരാശരി ഹാജർ = ആകെ ഹാജർ / മീറ്റിംഗുകളുടെ എണ്ണം<br>ഹാജർ ശതമാനം = ശരാശരി ഹാജർ ꞉ 100 / ഗ്രൂപ്പിലെ അംഗങ്ങളുടെ എണ്ണം | 3 | |
| 5 | മിനിട്സ് ബുക്ക് | | |
| | എ) വിശദമായി എഴുതിയിരിക്കുന്നു. | 10 | |
| | ബി) എഴുതിയിട്ടുണ്ട് പക്ഷേ വിശദമല്ല<br>(തൊട്ടു മുമ്പുള്ള 4 മാസത്തെ മിനിറ്റ്സ് പരിശോധിക്കുക) | 5 | |
| 6 | ചർച്ചകളിൽ അംഗങ്ങളുടെ പങ്കാളിത്തം | | |
| | എ) ഏതാനും പേർ മാത്രം പങ്കെടുത്തു | 5 | |
| | ബി) ഭൂരിപക്ഷം പേരും പങ്കെടുക്കുന്നു.<br>(മിനിറ്റ്സ് വിശദമായി ഉണ്ടെങ്കിൽ അതു പരിശോധിച്ചു അംഗങ്ങളുടെ പങ്കാളിത്തം കണ്ടു പിടിക്കാം. ഒന്നു രണ്ടു യോഗങ്ങളിൽ പങ്കെടുത്തു നേരിൽ കണ്ടും അംഗങ്ങളോടു ചോദിച്ചും മനസിലാക്കണം) | 10 | |
| 7 | പ്രതിമാസം എത്ര പ്രാവശ്യം സമ്പാദ്യ ശേഖരണം നടത്തുന്നു | | |
| | എ) ഭൂരിപക്ഷം പേരും 4 പ്രാവശ്യം തരുന്നു | 10 | |
| | ബി) സമ്പാദ്യം 4 തവണയുണ്ട്. പക്ഷെ ഭൂരിപക്ഷം പേർ തരുന്നില്ല. | 8 | |
| | സി) ഭൂരിപക്ഷം പേരും 2-3 പ്രാവശ്യം തരുന്നു. | 8 | |
| | ഡി) സമ്പാദ്യം മാസത്തിൽ 2-3 പ്രാവശ്യം തന്നെ, പക്ഷെ ഭൂരിപക്ഷം പേർ തരുന്നില്ല | 5 | |
| | ഇ) ഭൂരിപക്ഷം പേരും മാസത്തിൽ ഒരു തവണ മാത്രം തരുന്നു. | 3 | |

| | | | |
|---|---|---|---|
| | എഫ്) മാസത്തിൽ ഒരു തവണ പക്ഷെ ഭൂരിപക്ഷം പേർ തരുന്നില്ല.<br>(തൊട്ടു മുമ്പുള്ള പ്രതിവാര രജിസ്റ്റർ നോക്കി ഓരോ യോഗത്തിലും സമ്പാദ്യം തരുന്നവരുടെ ശരാശരി കണക്കാക്കുക)<br>ശരാശരി എണ്ണം X 100<br>------------------- = സമ്പാദ്യം തരുന്നവരുടെ ശതമാനം<br>അംഗങ്ങളുടെ എണ്ണം 60 % ൽ കൂടുതൽ വരുന്നത് ഭൂരിപക്ഷം | 0 | |
| 8 | സമ്പാദ്യത്തുകയും വായ്പാ തിരിച്ചടവും ശേഖരിക്കുന്നതെങ്ങനെ? | | |
| | എ) അംഗങ്ങൾ മീറ്റിംഗിൽ വച്ച് തരുന്നു. | 10 | |
| | ബി) വീടു വീടാന്തരം പോയി വാങ്ങുന്നു.<br>(പ്രസിഡന്റ്, സെക്രട്ടറി, മറ്റംഗങ്ങൾ എന്നിവരോട് ചോദിച്ചും മിനുട്സ് ബുക്ക് പരിശോധിച്ചും മനസിലാക്കണം | 5 | |
| 9 | ചർച്ചകളുടെയും തീരുമാനമെടുക്കുന്നതിന്റെയും സ്വഭാവം | | |
| | എ) തികച്ചും ജനാധിപത്യപരവും സുതാര്യവും | 10 | |
| | ബി) പ്രമുഖരായ ഏതാനും അംഗങ്ങൾ മാത്രം ചേർന്ന് തീരുമാനമെടുക്കുന്നു.<br>(മിനുട്സ് ബുക്ക് പരിശോധിച്ചും അംഗങ്ങളോട് സംസാരിച്ചും ചില യോഗങ്ങൾ നേരിട്ടു കണ്ടും മനസിലാക്കണം. തിരഞ്ഞെടുപ്പ് യഥാകാലം നടത്തുന്നുണ്ടോ എന്ന് ശ്രദ്ധിക്കുക. തീരുമാനങ്ങൾ എടുക്കുന്നത് യോഗങ്ങളിൽ ചർച്ച ചെയ്ത് ആയിരിക്കണം. | 0 | |
| 10 | വായ്പ അനുവദിക്കലും വിതരണവും<br>എ) വായ്പാ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് ഗ്രൂപ്പ് യോഗത്തിൽ വെച്ചാണോ ? | 2 | |
| | ബി) വായ്പ അനുവദിക്കുന്നതും, വിതരണം ചെയ്യുന്നതും യോഗത്തിൽ വെച്ചാണോ | 2 | |
| | സി) വായ്പത്തുകയും തിരിച്ചടവ് വ്യവസ്ഥകളും യോഗത്തിൽ വെച്ച് തീരുമാനിച്ച് മിനിട്സ് ബുക്കിൽ എഴുതുന്നുണ്ടോ ? | 2 | |
| | ഡി) വായ്പത്തുക യഥാർത്ഥ ആവശ്യത്തിനു തന്നെ ഉപയോഗിക്കുന്നുണ്ടോ എന്ന് യോഗത്തിൽ വെച്ച് അന്വേഷിച്ച് ഉറപ്പ് വരുത്തുന്നുണ്ടോ ? | 2 | |
| | ഇ) വായ്പയെടുത്തവർ വീഴ്ച കൂടാതെ തിരിച്ചടക്കുന്നുണ്ടോ എന്ന് യോഗത്തിൽ വെച്ച് അന്വേഷിക്കുകയും ആവശ്യമായ നടപടി എടുക്കുകയും ചെയ്യുന്നുണ്ടോ ?<br>മേൽപറഞ്ഞ ചോദ്യങ്ങൾക്ക് ഉണ്ട് : (അതെ) എന്ന് ഉത്തരങ്ങൾക്ക് 2 മാർക്ക് വീതം ഈ കാര്യങ്ങൾ പ്രസിഡന്റ്, സെക്രട്ടറി, സംഘാംഗങ്ങൾ എന്നിവരോട് ചോദിച്ചും മിനിറ്റ്സ് ബുക്ക് പരിശോധിച്ചും മനസിലാക്കണം) | 2 | |
| 11 | വായ്പകളിൻമേൽ അയൽക്കൂട്ടം ഈടാക്കുന്ന പലിശ നിരക്ക്<br>എ) വായ്പ എവിടെ നിന്നും കിട്ടുന്നതായാലും പലിശ നിരക്ക് ഒന്നു തന്നെ | 10 | |
| | ബി) വായ്പാ ഫണ്ട് എവിടെ നിന്നും കിട്ടുന്നു എന്നതനുസരിച്ച് പലിശ നിരക്ക് വ്യത്യസ്തം | 5 | |
| | എ) വായ്പയുടെ ഉദ്ദേശ്യമനുസരിച്ച് പലിശ നിരക്ക് മാറുന്നു. | 5 | |
| | സി) ഉദ്ദേശ്യമെന്തായാലും പലിശ നിരക്ക് ഒന്നു തന്നെ<br>(പ്രസിഡന്റ്, സെക്രട്ടറി, എന്നിവരോട് ചോദിച്ചും വായ്പാ രജിസ്റ്റർ പരിശോധിച്ചും മനസിലാക്കണം) | 3 | |
| 12 | സമ്പാദ്യത്തിൽ എത്ര ശതമാനം വായ്പ കൊടുക്കാൻ ഉപയോഗിക്കുന്നു ? | | |
| | എ) 80% ൽ കൂടുതൽ | 10 | |
| | ബി) 50% നും 80% നും ഇടയിൽ<br>(ഒരു പ്രത്യേക ദിവസം അന്നു വരെയുള്ള മൊത്തം സമ്പാദ്യവും, സംഘാംഗങ്ങൾക്ക് നൽകിയിട്ടുള്ള വായ്പാത്തുകയും കണക്കാക്കുക)<br>വായ്പ തുക X 100<br>------------------- = എന്ന മൊത്തം സമവാക്യം ഉപയോഗിക്കാം<br>മൊത്തം സമ്പാദ്യം<br>(വായ്പ ശതമാനം 50 ൽ കുറവാണെങ്കിൽ മാർക്ക് ഇല്ല) | 5 | |
| 13 | വായ്പ തിരിച്ചടവ് | | |
| | എ) 90% നു മേൽ ആളുകൾ വായ്പാ തവണകൾ കൃത്യമായി അടക്കുന്നു. | 10 | |

| | | | |
|---|---|---|---|
| | ബി) വായ്പാ തുകകൾ കൃത്യമായി അടക്കുന്നവരുടെ ശതമാനം 90 നും 70 നും ഇടയിലാണ്<br>(വായ്പാ രജിസ്റ്ററോ മിനുട്സ് ബുക്കോ പരിശോധിച്ച് മനസിലാക്കണം) | 5 | |
| 14 | ഏതെല്ലാം രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നു ? | | |
| | എ) മിനുട്സ് ബുക്ക് (യോഗങ്ങളിലെ ഹാജർ രേഖപ്പെടുത്തിയിരിക്കണം) | 3 | |
| | ബി) സമ്പാദ്യ രജിസ്റ്റർ | 3 | |
| | സി) വായ്പാ രജിസ്റ്റർ | 3 | |
| | ഡി) പാസ്ബുക്ക്<br>(ഓരോ രജിസ്റ്ററിലും ശരിയായി സൂക്ഷിച്ചിട്ടുണ്ടെങ്കിൽ മാത്രം അതിനുള്ള മാർക്ക് കൊടുക്കുക) | 1 | |
| 15 | ഗ്രൂപ്പ് നിയമാവലിയെപ്പറ്റി അംഗങ്ങൾക്കുള്ള അറിവ് | | |
| | എ) എല്ലാ അംഗങ്ങൾക്കും നന്നായി അറിയാം | 10 | |
| | ബി) ഭൂരിഭാഗം അംഗങ്ങൾക്കും അറിയാം | 5 | |
| | സി) അധികം അംഗങ്ങൾക്കും അറിയില്ല<br>(അംഗങ്ങളോടു ചോദ്യങ്ങൾ ചോദിച്ചു മനസിലാക്കണം)<br>നോട്ട്: അയൽക്കൂട്ടത്തെ കെ.എസ്.ബി.സി.ഡി.സി യുമായി ബന്ധിപ്പിക്കപ്പെടുന്നതിനുള്ള അർഹതയുണ്ട്. | 0 | |
| | **ആകെ** | **150** | |

ചെയർപേഴ്സൺ　　　　　　　　മെമ്പർ സെക്രട്ടറി

________________ സി.ഡി.എസ്　　　　________________ സി.ഡി.എസ്

- വായ്പ അർഹതക്കു വേണ്ടുന്ന മാർക്ക് - 80 %
  80 ശതമാനത്തിൽ താഴെയുള്ള സംഘങ്ങൾ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തിയതിനുശേഷം സമീപിക്കാവുന്നതാണ്.

**MC-7 B**

<u>മൈക്രോ ക്രെഡിറ്റ് വായ്പാ പദ്ധതി</u>

<u>JLG യുടെ പ്രവർത്തനം സംബന്ധിച്ച സാക്ഷ്യപത്രം</u>

കുടുംബശ്രീ ______________________ CDS-ന്റെ കീഴിൽ രജിസ്റ്റർ ചെയ്ത ______________________ JLG യുടെ പ്രവർത്തനം തൃപ്തികരമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. ആയതിനാൽ ______________________ JLG യെ ലഘു വായ്പ നൽകുന്നതിന് പരിഗണിക്കുന്നതിനായി കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനോട് ശുപാർശ ചെയ്യുന്നു.

ചെയർപേഴ്സൺ

മെമ്പർ സെക്രട്ടറി

______________________ സി.ഡി.എസ്

______________________ സി.ഡി.എസ്

സ്ഥലം :

തിയ്യതി :

# <u>മൈക്രോ ക്രെഡിറ്റ് വായ്പാ പദ്ധതി</u>

## <u>ജില്ലാ / ഉപജില്ലാ മാനേജരുടെ ശുപാർശ</u>

________________________________________ CDS സമർപ്പിച്ച അപേക്ഷയും, അനുബന്ധ രേഖകളും പരിശോധിച്ചതിൽ കോർപ്പറേഷൻ നിഷ്കർഷിച്ചിട്ടുള്ള മുഴുവൻ രേഖകളും ഹാജരാക്കിയിട്ടുണ്ടെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ടി സി.ഡി.എസ്.ന്റെ പ്രവർത്തനം തൃപ്തികര മാണെന്നും CDS ന് __________________ രൂപ ലഘു വായ്പ അനുവദിക്കാവുന്നതാണെന്നും കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ശുപാർശ ചെയ്ത് നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ________________________________________ CDS ന് താഴെ ചേർക്കും പ്രകാരം വായ്പ അനുവദിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

